പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3885

25.6.2013-ലെ
മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിലെ കിൻഫ്രാ പാർക്ക്

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കുകയുണ്ടായി ; | എ) | കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കിൻഫ്ര സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഡസ്ട്രിയൽ പാർക്കിനു വേണ്ടി ഇതുവരെ 104.75 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| ബി) | ഇതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി ; | ബി) | ഇതിനായി 50,01,11,602/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | ഇൻഡസ്ട്രിയൽ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ എത്ര തുകയുടെ ഇളവാണ് കിൻഫ്രയ്ക്ക് അനുവദിച്ചു നൽകിയത്; | സി) | സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും മുഴുവനായി ഇളവ് ചെയ്തിട്ടുണ്ട്. |
| ഡി) | ഇൻഡസ്ട്രിയൽ പാർക്കിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; | ഡി) & ഇ) | വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിനു വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ പ്രാഥമിക ഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | മാസ്റ്റർ പ്ലാൻ തയ്യാറാക്കി ക്കഴിഞ്ഞാൽ തുടർ നടപടികൾ പൂർത്തീകരിച്ച് ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ